(ബി) യു.എ.പി.എ. വകുപ്പ് ചുമത്താൻ അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥൻ ആരാണ്; ഈ വകുപ്പ് ചുമത്താൻ നിയമം അനുശാസിക്കുന്ന കാരണങ്ങൾ എന്തെല്ലാമെന്ന വിശദമാക്കാമോ ;

(സി) രാഷ്ട്രീയ പ്രതിയോഗികൾക്കുനേരെ പ്രതികാരബുദ്ധ്യാ ഈ നിയമം ചുമത്താൻ ഉദ്യോഗസ്ഥർ നിർബ്ബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടെന്നത് വസ്തുതാപരമായി ശരിയാണോ ;

(ഡി) രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി നടന്നുവെന്ന കരുതുന്ന എത്ര കൊലപാതകക്കേസ്സുകളിൽ 2013 ജനുവരി മുതൽ 2014 നവംബർവരെ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 69 കേസുകളിൽ.

(ബി) സ്റ്റേഷൻ ഹൗസ് ഓഫീസർക്കോ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനോ ഈ വകുപ്പ് ചുമത്തി അന്വേഷണം നടത്താവുന്നതാണ്. വ്യക്തികളുടേയും സംഘടനകളുടേയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിലേക്കായി ഇവർക്കെതിരെ കൂടുതൽ കാര്യക്ഷമമായ നിയമ നടപടികൾ കൈക്കൊള്ളുന്നതിലേക്ക് യു.എ.പി.എ.-യിലെ വകുപ്പുകൾ ചുമത്താവുന്നതാണ്.

(സി) അല്ല.

(ഡി) ഷുക്കൂർ, ജയകൃഷ്ണൻ മാസ്റ്റർ, കതിരൂർ മനോജ് എന്നീ വധക്കേസുകളും ടി. പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ചും സി.ബി.ഐ. അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതിൽ കതിരൂർ മനോജ് വധക്കേസ് മാത്രമാണ് അന്വേഷണത്തിനായി സി.ബി.ഐ. ഏറ്റെടുത്തിട്ടുള്ളത്.

സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽ കമ്മീഷൻ

155 (3787) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽ കമ്മീഷൻ മുമ്പാകെ വിശദീകരണ പത്രിക നൽകാൻ കാലവിളംബം നേരിടുകയുണ്ടായോ ; ഇതേതുടർന്ന് സർക്കാർ കമ്മീഷന് മാപ്പ് അപേക്ഷ നൽകുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം വിശദീകരണ പത്രികകൾ നൽകാൻ ഒരു കാലയളവും നിയമവും അനുശാസിക്കുന്നില്ല. എന്നാൽ ജുഡീഷ്യൽ കമ്മീഷന് അതിന്റെ നടപടിക്രമങ്ങൾ പാലിക്കുവാനും നടപ്പിലാക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ആ അധികാരം വിനിയോഗിച്ച് പത്രികകൾ സമർപ്പിക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം പത്രിക സമർപ്പിക്കാൻ കുറച്ചു സമയം കൂടി നീട്ടിത്തരണമെന്ന് കമ്മീഷന് മുമ്പാകെ അപേക്ഷിക്കുകയും ആ അപേക്ഷ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ലീഗ് പ്രവർത്തകനായ റഷീദിന്റെ മരണം സംബന്ധിച്ച കേസ്

156 (3788) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഒക്ടോബർ-16-ന് അർദ്ധരാത്രി ബൈക്കിൽ പോകവെ കാസർഗോഡ് ജില്ലയിൽ രാവണീശ്വരം മുക്കുട് ജിലാനി നഗറിൽ രാവണീശ്വരം ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് ലീഗ് പ്രവർത്തകനായ റഷീദ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പരേതന്റെ പിതാവ് തന്റെ മകന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1092/2014 u/s 279, 304 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരാതി നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് ലഭിച്ച പരാതി കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.-യുടെ കീഴിൽ ഒരന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരികയാണ്.